# വ്യവസായ കേരളം

04

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

www.industry.kerala.gov.in

01 NOVEMBER 2021


# സീഡ് ക്യാപിറ്റൽ ധനസഹായ വിതരണം

## നിയമ, വ്യവസായ, കയർ വകുപ്പ് മന്ത്രി പി.രാജീവ് നിർവഹിച്ചു.

കൊച്ചി, ഒക്ടോബർ 18: പി.എം.എഫ്.എം.ഇ പദ്ധതി പ്രകാരം സ്വയം സഹായ സംഘാംഗങ്ങൾക്കുള്ള സീഡ് ക്യാപിറ്റൽ ധനസഹായ വിതരണം നിയമ- വ്യവസായ- കയർ വകുപ്പ് മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്തു. സീഡ് ക്യാപിറ്റൽ ധനസഹായം കുടുംബശ്രീ മിഷന് കൈമാറുന്നതിനുള്ള സംസ്ഥാനതല ഉദ്ഘാടന ചടങ്ങ് പനമ്പിള്ളി നഗറിലെ ഹോട്ടൽ അവന്യൂ സെന്ററിൽ നടന്നു. സൂക്ഷ്മ-ചെറുകിട-ഇടത്തരം ഉത്പന്നങ്ങളും കുടുംബശ്രീ ഉത്പന്നങ്ങളും വിപണനം ചെയ്യുന്നതിനായി ഓൺലൈൻ പ്ലാറ്റ്ഫോം നിർമിക്കുന്നത് സർക്കാർ പരിശോധിച്ച് വരികയാണെന്ന് മന്ത്രി പി. രാജീവ് പറഞ്ഞു. ഇതിനുള്ള പ്രാരംഭ ചർച്ചകൾ ആരംഭിച്ചു കഴിഞ്ഞതായും അദ്ദേഹം കൂട്ടിച്ചേർത്തു.




കേന്ദ്ര സർക്കാർ സംസ്ഥാനങ്ങളുമായി സഹകരിച്ച് ഭക്ഷ്യ സംസ്കരണ മേഖലയുടെ ഉന്നമനത്തിനായി പ്രധാനമന്ത്രി ഭക്ഷ്യ സംസ്കരണ സംരംഭങ്ങളുടെ രൂപവത്ക്കരണ പദ്ധതി (പി.എം.എഫ്.എം.ഇ പദ്ധതി) രൂപീകരിച്ചിട്ടുണ്ട്. ഈ പദ്ധതിയിലൂടെ സൂക്ഷ്മ ഭക്ഷ്യ സംസ്കരണ സംരംഭങ്ങൾക്ക് സാമ്പത്തിക, സാങ്കേതിക, ബിസിനസ്സ് പിന്തുണ ലഭിക്കുന്നതാണ്.

ഒരു ജില്ല ഒരു ഉല്പന്നം എന്ന പദ്ധതി പ്രകാരം ഓരോ ജില്ലയിലും പ്രാമുഖ്യമുള്ള ഒരു ഉത്പന്നത്തെ തിരഞ്ഞെടുത്ത് അതിനെ വളർത്തിക്കൊണ്ടു വരാനാണ് ശ്രമിക്കുന്നത്. അസംസ്കൃത വസ്തുക്കൾ ശേഖരിക്കുക, ഉല്പാദനത്തിന് പൊതുസൗകര്യങ്ങൾ ഉപയോഗിക്കുക, വിപണനം കാര്യക്ഷമമാക്കുക എന്നിവ വഴി ആ ഉത്പന്നത്തിന്റെ വളർച്ചയ്ക്ക് ഗുണം ചെയ്യും. കൂടാതെ അടിസ്ഥാന സൗകര്യ വികസനം, ബ്രാൻഡിംഗ്, മാർക്കറ്റിംഗ് എന്നിവയ്ക്ക് ഭക്ഷ്യ- സംസ്കരണ മന്ത്രാലയത്തിന്റെ ആനുകൂല്യങ്ങൾ ലഭിക്കുന്നതാണ്.

പി.എം.എഫ്.എം.ഇ പദ്ധതി പ്രകാരം സ്വയം സഹായ സംഘങ്ങളിലെ അംഗങ്ങൾക്ക് ചെറിയ ഉപകരണങ്ങൾ വാങ്ങുന്നതിനായി എസ്.എച്ച്.ജി യുടെ ഓരോ അംഗത്തിനും 40,000 രൂപ വരെ പ്രാരംഭ മൂലധനം ലഭ്യമാകും. ഭക്ഷ്യ സംസ്കരണ സംരംഭം നടത്തുന്ന ഒരു എസ്.എച്ച്.ജി അംഗത്തിന് 35% ക്രെഡിറ്റ് ലിങ്ക്ഡ് മൂലധന സബ്സിഡി പരമാവധി 10 ലക്ഷം രൂപ വരെ ലഭിക്കും. എസ്.എച്ച്.ജി ഫെഡറേഷന്റെ മൂലധന നിക്ഷേപത്തിന് ക്രെഡിറ്റ് ലിങ്ക്ഡ് ഗ്രാന്റോടു കൂടി 35% സബ്സിഡി ലഭ്യമാണ്.

കേന്ദ്ര സർക്കാരിന്റെ ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയം ആത്മ നിർഭർ ഭാരത് അഭിയാന്റെ ഭാഗമായി കേരളത്തിൽ ആദ്യമായി 1440 കുടുംബശ്രീ സംരംഭകർക്ക് സീഡ് ക്യാപിറ്റൽ ധനസഹായമായ ₹4,30,51,096/ (നാല് കോടി മുപ്പത് ലക്ഷത്തി അൻപത്തൊന്നായിരത്തി തൊണ്ണൂറ്റിയാറ് രൂപ) ആണ് നൽകുന്നത്. 14 ജില്ലകളിൽ നിന്നും ലഭിച്ച അപേക്ഷകളിൽ നിന്നാണ് ധനസഹായം നൽകുന്നത്.

ചടങ്ങിൽ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും കെ-ബിപ്പ് ചെയർമാനുമായ ഡോ. കെ. ഇളങ്കോവൻ ഐ.എ.എസ് മുഖ്യ പ്രഭാഷണവും കെ.എസ്.ഐ.ഡി.സി. മാനേജിങ് ഡയറക്ടറും പി.എം.എഫ്.എം.ഇ.- കേരളയുടെ സ്റ്റേറ്റ് നോഡൽ ഓഫീസറുമായ ശ്രീ. രാജമാണിക്യം ഐ.എ.എസ് സ്വാഗത പ്രസംഗവും നിർവ്വഹിച്ചു. ചടങ്ങിൽ കെ-ബിപ്പ് സി.ഇ.ഒ ശ്രീ. സൂരജ്.എസ്, എറണാകുളം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ശ്രീ. ബിജു പി. എബ്രഹാം, എറണാകുളം ജില്ലാ കുടുംബശ്രീ മിഷൻ കോ-ഓഡിനേറ്റർ ശ്രീമതി.രഞ്ജിനി.എസ് എന്നിവർ സംബന്ധിച്ചു.

തൃശ്ശൂർ കേരള അഗ്രികൾചറൽ യൂണിവേഴ്സിറ്റി അഗ്രി ബിസിനസ്സ് ഇൻക്യുബേറ്ററിന്റെ തലവൻ ഡോ. കെ.പി. സുധീർ വിവിധ ടെക്നിക്കൽ സെഷനുകളുടെ മോഡറേറ്റർ പദവിയും ചടങ്ങിനു ശേഷമുള്ള പി.എം.എഫ്.എം.ഇ സ്കീം ആന്റ് അഗ്രി ബിസിനസ് ഇൻക്യുബേറ്റർ എന്ന വിഷയത്തിൽ ടെക്നിക്കൽ സെഷനും കൈകാര്യം ചെയ്തു. തുടർന്നുള്ള ഇന്ററാക്ടീവ് സെഷനിൽ പാലും പാലിന്റെ മൂല്യ വർദ്ധിത ഉത്പന്നങ്ങളും എന്ന വിഷയത്തിൽ എറണാകുളം ഡയറി എക്സ്റ്റൻഷൻ ഓഫീസർ ശ്രീ. സി.എസ്. രതീഷ് ബാബുവും കൈതച്ചക്കയുടെ മൂല്യ വർദ്ധനവും കറി പൗഡർ, അച്ചാർ, ജാം, സ്ക്വാഷ് എന്നിവയുടെ നിർമ്മാണവും എന്ന വിഷയത്തിൽ എറണാകുളം വാഴക്കുളം പൈനാപ്പിൾ റിസർച്ച് സ്റ്റേഷൻ മേധാവിയും അസിസ്റ്റന്റ് പ്രഫസറുമായ ഡോ. ടി. മായ എന്നിവർ ക്ലാസുകൾ നയിച്ചു.




പുതിയ കരകൗശല വ്യവസായ സംരഭങ്ങൾ തുടങ്ങുന്നതിന് സർക്കാർ ധനസഹായങ്ങൾ നൽകുന്നു.

എന്റർപ്രണർ അസിസ്റ്റന്റ്സ് സ്കീം ഇൻ ഹാന്റിക്രാഫ്റ്റ് പദ്ധതിക്കു പകരം

ആശ

അസിസ്റ്റന്റ്സ് സ്കീം ഫോർ ഹാന്റിക്രാഫ്റ്റ് ആർട്ടിസാൻസ്

വനിതകൾക്കും എസ്.സി/എസ്.ടിക്കും യുവസംരംഭകർക്കും സ്ഥിരമൂലധനത്തിന്റെ 50 ശതമാനം പരമാവധി 3 ലക്ഷം രൂപ വരെയും അല്ലാത്ത സംരഭകർക്ക് സ്ഥിര മൂലധനത്തിന്റെ 40 ശതമാനം പരമാവധി 2 ലക്ഷം രൂപ വരെയുമാണ് ധനസഹായം ലഭിക്കുന്നത്.

സന്ദർശിക്കുക
http://www.industry.kerala.gov.in/index.php/schemes/asha







# 200 കോടി രൂപയുടെ നിക്ഷേപവുമായി പ്ലാന്റ് ലിപിഡ്സ്

ആധുനിക പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ള സംരംഭം വിപുലപ്പെടുത്തുന്നതിനുമായി കേരളത്തിൽ 200 കോടി രൂപയുടെ നിക്ഷേപം നടത്താനൊരുങ്ങി പ്രമുഖ സുഗന്ധവ്യഞ്ജന സത്ത് - ഓയിൽ നിർമ്മാതാക്കളായ പ്ലാന്റ് ലിപിഡ്സ്. മൂന്ന് ഘട്ടങ്ങളിലായി ആസൂത്രണം ചെയ്ത നിക്ഷേപ പദ്ധതികൾ 2026 ഓടെ പൂർത്തിയാക്കാൻ ബഹു. നിയമ, വ്യവസായ കയർ വകുപ്പു മന്ത്രി ശ്രീ. പി. രാജീവും കമ്പനി മേധാവികളും പങ്കെടുത്ത മീറ്റ് ദ ഇൻവെസ്റ്റർ പരിപാടിയിൽ ധാരണയായി.

ലോകത്തെ ഏറ്റവും വലിയ സൂപ്പർ ക്രിട്ടിക്കൽ എക്സ്ട്രാക്ഷൻ പ്ലാന്റ് ആണ് കോലഞ്ചേരിയിൽ നിർമ്മിക്കുന്നതെന്ന് പ്ലാന്റ് ലിപിഡ്സ് അറിയിച്ചു. ഇതോടൊപ്പം നാച്ചുറൽ ഫുഡ് കളർ, നാച്ചുറൽ പ്രോഡക്ട്സ് എക്സ്ട്രാക്ഷൻ പ്ലാന്റുകളും ഡിവിഷനുകളും സ്ഥാപിക്കുന്നതിനുമാണ് പുതിയ നിക്ഷേപ പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. 60 കോടി രൂപയുടെ വികസന പദ്ധതി നിലവിൽ പുരോഗമിക്കുകയാണ്. അടുത്ത സാമ്പത്തിക വർഷം 60 കോടി രൂപയും 2026 ഓടെ 80 കോടി രൂപയും നിക്ഷേപിക്കും.

ലോകത്തെ ഏറ്റവും വലിയ സ്പൈസസ് ഓയിൽ ഉത്പാദകരിൽ ഒന്നാണ് പ്ലാന്റ് ലിപിഡ്സ്. കോലഞ്ചേരി ആസ്ഥാനമായ പ്ലാന്റ് ലിപിഡ്സിന് ഏഴ് രാജ്യങ്ങളിൽ ഓഫീസുണ്ട്. തൊണ്ണൂറോളം രാജ്യങ്ങളിലേക്ക് സുഗന്ധ വ്യഞ്ജന സത്ത് കയറ്റുമതിചെയ്യുന്നു.

കേരളത്തിൽ പ്രവർത്തിക്കുന്ന ആറ് ഡിവിഷനുകളും വിപുലീകരിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. പുതിയ നിക്ഷേപ പദ്ധതിയുമായി ബന്ധപ്പെട്ട് സംരംഭകർക്ക് ആവശ്യമായ എല്ലാ സഹായവും നൽകുമെന്ന് വകുപ്പു മന്ത്രി ശ്രീ. പി. രാജീവ് പറഞ്ഞു. കമ്പനിയുടെ പ്രധാന പ്ലാന്റുകൾ സ്ഥിതിചെയ്യുന്ന പ്രദേശത്തിന് വ്യവസായ എസ്റ്റേറ്റ് പദവി നൽകണമെന്ന ആവശ്യം പരിഗണിക്കും. സംരംഭങ്ങൾക്കുള്ള ഏകജാലക അനുമതി ഏഴ് ദിവസത്തിനുള്ളിൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമെന്നും മന്ത്രി പറഞ്ഞു.

വ്യവസായവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. കെ ഇളങ്കോവൻ ഐ.എ.എസ്, വ്യവസായ വാണിജ്യ ഡയറക്ടർ ശ്രീ. എസ്. ഹരികിഷോർ ഐ.എ.എസ്, കെ.എസ്.ഐ.ഡി.സി എം.ഡി ശ്രീ. എം.ജി. രാജമാണിക്യം ഐ.എ.എസ്, കിൻഫ്ര എം.ഡി. ശ്രീ. സന്തോഷ് കോശി തോമസ്, പ്ലാന്റ് ലിപിഡ്സ് സി.ഇ.ഒ ശ്രീ. രഞ്ജിത് രാമചന്ദ്രൻ, എം.ഡി. ശ്രീ. ജോൺ നെച്ചിപ്പാടം, ഡെപ്യൂട്ടി സി.ഇ.ഒ ശ്രീ. മനോജ് മാരാർ എന്നിവർ മീറ്റ് ദ ഇൻവെസ്റ്റർ പരിപാടിയിൽ പങ്കെടുത്തു.

## വ്യവസായ ജാലകം 02

ഉത്പാദന മേഖലയിലുള്ള പുതിയ വ്യവസായ സംരംഭകർക്ക് ഏറ്റവും സ്വീകാര്യമായ ഒരു സബ്സിഡി സ്കീം ആണ് വ്യവസായ വകുപ്പിന്റെ സംരംഭക സഹായ പദ്ധതി (ESS)യുടെ ഭാഗമായ സ്റ്റാർട്ടപ്പ് സപ്പോർട്ട് സ്കീം (പ്രാരംഭ സഹായ പദ്ധതി). ഉത്പാദന മേഖലയിലുള്ള സംരംഭങ്ങൾക്കാണ് സ്റ്റാർട്ടപ്പ് സപ്പോർട്ട് ലഭിക്കുന്നത്.

**ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്ത് തുടങ്ങുന്ന ഉത്പാദനമേഖലയിലെ പുതിയ സംരംഭങ്ങൾക്ക് അർഹമായ ആകെ സബ്സിഡിയുടെ**

**50%**

**മുൻകൂറായി നൽകുന്നു**

പരമാവധി 3 ലക്ഷം രൂപ



ഇ.എസ്.എസിന്റെ ഭാഗമായ സ്റ്റാർട്ടപ്പ് സപ്പോർട്ട് സ്കീം ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്തിട്ടുള്ള സംരംഭങ്ങൾക്ക് മാത്രമേ ലഭിക്കുകയുള്ളൂ. ഗുണഭോക്തൃ വിഹിതത്തിന്റെ (മാർജിൻ) 50 ശതമാനം, പരമാവധി 3 ലക്ഷം രൂപ വരെയാണ് ധനസഹായം ലഭിക്കുന്നത്.

ഈ പദ്ധതിയുടെ വിശദമായ മാർഗ്ഗരേഖയും പദ്ധതിക്ക് ഓൺലൈനായി അപേക്ഷിക്കാനുള്ള വിവരങ്ങളും വ്യവസായ വാണിജ്യ ഡയറക്ട്രേറ്റിന്റെ http://industry.kerala.gov.in/index.php/schemes/ess എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. കൂടുതൽ വിശദാംശങ്ങൾ നേരിട്ട് ലഭിക്കണമെന്ന് ആഗ്രഹിക്കുന്നവർക്ക് ജില്ലാ വ്യവസായ കേന്ദ്രവുമായി ബന്ധപ്പെടാവുന്നതാണ്.

വ്യവസായ വകുപ്പിന്റെ ജില്ലാ ഉദ്യോഗസ്ഥരുടെയും ഈ പദ്ധതി കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരുടെയും ഓഫീസിലെയും ഫോൺ നമ്പർ മുകളിൽ സൂചിപ്പിച്ച വെബ്സൈറ്റിൽ ലഭ്യമാണ്. അല്ലെങ്കിൽ താലൂക്ക് വ്യവസായ ഓഫീസുകളിലുള്ള ഇൻഫർമേഷൻ ഓഫീസർമാരുമായും ബന്ധപ്പെടാവുന്നതാണ്.

Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.